I ഇ.ബി. XIII-കേരള നിയമസഭ/XII-7

# പതിമൂന്നാം കേരള നിയസഭ

## പന്ത്രണ്ടാം സമ്മേളനം

# **നിയമസഭാ നടപടികൾ - സംഗ്രഹം**

## (ചോദ്യോത്തരങ്ങൾ ഒഴികെ)

## **2014 ഡിസംബർ 9, ചൊവ്വ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## **അടിയന്തരപ്രമേയം**

### **അനിശ്ചിതകാല നിരാഹാരസമരം**

മി. ഡെപ്യൂട്ടി സ്പീക്കർ: പൊതുവിദ്യാഭ്യാസം സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയിലെ ഗവേഷണ വിദ്യാർത്ഥികൾ ഉൾപ്പെടെ രണ്ട് മാസമായി നടത്തിവരുന്ന അനിശ്ചിതകാല നിരാഹാരസമരം യൂണിവേഴ്സിറ്റിയുടെ ഭരണ-അക്കാദമിക് പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാക്കിയിരിക്കുന്നതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ

സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. ശ്രീരാമകൃഷ്ണൻ, വി. എസ്. സുനിൽ കുമാർ, സി. കെ. നാണു, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): പൊതുഖജനാവിലെ പണം ഉപയോഗിച്ച് നിർമ്മിച്ച ഹോസ്റ്റൽ റെഗുലർ വിദ്യാർത്ഥികൾക്ക് അപ്രാപ്യമാക്കി സ്വാശ്രയ വിദ്യാർത്ഥികൾക്ക് തുറന്നുകൊടുത്തതിനെതിരെയാണ് സമരം എന്ന് പറയുന്നത് ശരിയല്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ ആവശ്യമുള്ള വിദ്യാർത്ഥികൾക്കെല്ലാം ഹോസ്റ്റൽ സൗകര്യം നൽകിയിട്ടുണ്ട്. സ്വാശ്രയ കോഴ്സുകളിലെ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുന്നതിനായി ഒരു റെഗുലർ വിദ്യാർത്ഥിയേയും പുറത്താക്കിയിട്ടില്ല. വൈസ് ചാൻസലറും സിൻഡിക്കേറ്റും മറ്റുദ്യോഗസ്ഥരും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടാകുന്നത് ഒരു പുതിയ കാര്യമല്ല. യൂണിവേഴ്സിറ്റി സ്വയംഭരണ സ്വഭാവമുള്ള ഒരു സ്ഥാപനമായതിനാൽ ഇടപെടുന്നതിന് പരിമിതികളുണ്ടെങ്കിലും സർക്കാർ പരമാവധി ഇടപെടുന്നുണ്ട്. ഈ വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി നിർദ്ദേശങ്ങൾ വച്ചുവെങ്കിലും സമരം ചെയ്യുന്ന വിദ്യാർത്ഥികളുടെ നിഷേധാത്മകമായ സമീപനം കാരണം ചർച്ചകൾ പരാജയപ്പെടുകയാണുണ്ടായത്.

<u>ശ്രീ. പി. ശ്രീരാമകൃഷ്ണൻ</u>: കാലിക്കറ്റ് സർവ്വകലാശാലയിലെ വിദ്യാർത്ഥികൾ കഴിഞ്ഞ രണ്ടുമാസമായി മാതൃകാപരമായും സമാധാനപരമായും നടത്തുന്ന സമരത്തെ വില കുറച്ചു കാണുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ആവശ്യമായ എല്ലാ സൗകര്യങ്ങളും വിദ്യാർത്ഥികൾക്കൊരുക്കിയിട്ടുണ്ടെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ അവകാശവാദം ശരിയല്ല. താമസസൗകര്യമുള്ളതിന്റെ ഇരട്ടിയിലധികം കുട്ടികളെയാണ് ലേഡീസ് ഹോസ്റ്റലിൽ താമസിപ്പിച്ചിരിക്കുന്നത്. മെൻസ് ഹോസ്റ്റലിന്റെയും സ്ഥിതി ഇതു തന്നെയാണ്. യാതൊരു അടിസ്ഥാന സൗകര്യങ്ങളും ഹോസ്റ്റലുകളിൽ ഏർപ്പെടുത്താൻ അധികൃതർ തയ്യാറാകുന്നില്ല. പട്ടികജാതി വിദ്യാർത്ഥികൾ ഉൾപ്പെടെ നിരവധി റെഗുലർ വിദ്യാർത്ഥികൾ ഹോസ്റ്റൽ പ്രവേശനത്തിനായി കാത്തിരിക്കുമ്പോൾ സ്വാശ്രയ സ്ഥാപനങ്ങളിൽ നിന്നു വരുന്ന വിദ്യാർത്ഥികളെ ഹോസ്റ്റലിൽ കുത്തിത്തിരുകുകയാണ്. ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ പറഞ്ഞ കാര്യങ്ങൾപോലും പാലിക്കാൻ യൂണിവേഴ്സിറ്റി അധികൃതർ തയ്യാറാകുന്നില്ല. സ്വാശ്രയ കോഴ്സുകളുമായി ബന്ധപ്പെട്ട് കാലിക്കറ്റ് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ട് പാലിക്കാൻ തയ്യാറാകണം. റെഗുലർ വിദ്യാർത്ഥികൾക്കായി ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ അവർക്ക് തന്നെ ലഭ്യമാക്കണമെന്ന ന്യായമായ ആവശ്യമാണ് വിദ്യാർത്ഥികൾ ഉന്നയിച്ചിട്ടുള്ളത്. ഭൂമിയുടെ ദുർവിനിയോഗം, സർവ്വകലാശാലയിൽ നിരോധനാജ്ഞ ഏർപ്പെടുത്തുക,

സിൻഡിക്കേറ്റ് യോഗത്തിലെ കയ്യാങ്കളി തുടങ്ങി നിരവധി വിവാദങ്ങളാണ് കാലിക്കറ്റ് സർവ്വകലാശാലയുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറെക്കാലമായി ഉയർന്നുകൊണ്ടിരിക്കുന്നത്. പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്കുൾപ്പെടെ ഹോസ്റ്റൽ സൗകര്യം നിഷേധിക്കുന്ന അവസ്ഥ നിലവിലുണ്ട്. സർവ്വകലാശാലയിലെ ഒഴിഞ്ഞുകിടക്കുന്ന ഹോസ്റ്റൽ കെട്ടിടങ്ങൾ ഉപയോഗിക്കാതെ റെഗുലർ വിദ്യാർത്ഥികളുടെ ഹോസ്റ്റലിൽ സ്വാശ്രയ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികളെയും താമസിപ്പിച്ച നടപടി നിർഭാഗ്യകരമാണ്. സർവ്വകലാശാലാ പ്ലാൻ ഫണ്ടും യു.ജി.സി. ഫണ്ടും ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടങ്ങളും മറ്റ് സൗകര്യങ്ങളും സ്വാശ്രയ കോഴ്സുകൾ പഠിക്കുന്നവർക്ക് നൽകി സർവ്വകലാശാലാ ക്യാമ്പസിനെ സ്വാശ്രയ സ്ഥാപനങ്ങളുടെ ക്യാമ്പസാക്കി മാറ്റുന്ന വിദ്യാഭ്യാസ കച്ചവടത്തിനാണ് ഗവൺമെന്റ് നേതൃത്വം നൽകുന്നത്. യു.ജി.സി. ഫണ്ടിൽ നിന്നും തുടർച്ചയായി സെൽഫ് ഫിനാൻസിംഗ് കോഴ്സുകൾക്ക് പണം ചെലവഴിക്കുന്നതുമായി ബന്ധപ്പെട്ട് ഓഡിറ്റ് ഒബ്ജക്ഷൻ നിലവിലുണ്ട്. മാത്രമല്ല, സ്വാശ്രയ സ്ഥാപനങ്ങളെ പരിപോഷിപ്പിക്കാനുള്ള തിരക്കിനിടയിൽ സംസ്ഥാനം അനുവദിച്ച 17 കോടി രൂപയുടെ പ്ലാൻ ഫണ്ടും യു.ജി.സി. അനുവദിച്ച 6 കോടി രൂപയുടെ ഫണ്ടും ലാപ്സാക്കുകയും ചെയ്തു. 62 ദിവസമായി നടക്കുന്ന വിദ്യാർത്ഥി സമരം ഒത്തുതീർപ്പാക്കാൻ മുഖ്യമന്ത്രി മുൻകൈ എടുക്കണം. ഈ വിഷയം സഭാ നടപടികൾ

നിർത്തിവച്ച് ചർച്ച ചെയ്യണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): റെഗുലർ വിദ്യാർത്ഥികളെ ഹോസ്റ്റലിൽ നിന്ന് ഒഴിപ്പിക്കുകയോ അവിടേയ്ക്ക് പുതിയ കുട്ടികളെ അഡ്മിറ്റ് ചെയ്യുകയോ ചെയ്തിട്ടില്ല. സ്വാശ്രയ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികൾ താമസിച്ചിരുന്ന ഉപയോഗയോഗ്യമല്ലാത്ത സ്റ്റാഫ് ക്വാർട്ടേഴ്സുകൾ റിപ്പയർ ചെയ്യുന്നതിനാലാണ് അവരെ യൂണിവേഴ്സിറ്റി ഹോസ്റ്റലിലേക്ക് മാറ്റിയത്. ഗൂഢമായ ലക്ഷ്യങ്ങൾ വച്ചുകൊണ്ടാണ് നിലവിൽ സമരം നടത്തുന്നത്. സർവ്വകലാശാല നിയമപ്രകാരം സർവ്വകലാശാലാ ക്യാമ്പസിൽ പഠിക്കുന്ന എല്ലാവരെയും വിദ്യാർത്ഥി എന്ന നിർവ്വചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഭ്യമായ ഹോസ്റ്റൽ സൗകര്യം എല്ലാ വിദ്യാർത്ഥികൾക്കും നൽകുന്നതിനാണ് ശ്രമിച്ചിട്ടുള്ളത്. 8.53 കോടി രൂപ ചെലവിൽ പുതിയ ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സർവ്വകലാശാലാ സിൻഡിക്കേറ്റ് തീരുമാനമെടുത്തിട്ടുണ്ട്. പട്ടികജാതിയിൽപ്പെട്ട ആർക്കും ഹോസ്റ്റൽ സൗകര്യം നിഷേധിച്ച സംഭവമുണ്ടായിട്ടില്ല. സ്വാശ്രയ കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥികളെ എത്രയുംവേഗം ഗസ്റ്റ് ഹൗസിലേക്ക് മാറ്റി സമരം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കാലിക്കട്ട് യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി വിളിച്ചുകൂട്ടിയ യോഗതീരുമാനപ്രകാരം വിദ്യാർത്ഥികൾക്ക് ഗസ്റ്റ് ഹൗസിൽ താമസവും ഭക്ഷണ സൗകര്യവുമൊരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗസ്റ്റ് ഹൗസിൽ ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതുവരെ ഹോസ്റ്റലിൽ നിന്ന് ഭക്ഷണം നൽകണമെന്ന നിർദ്ദേശത്തോട് ഒരു വിഭാഗം എതിർപ്പ് പ്രകടിപ്പിക്കുകയുണ്ടായി. ഗസ്റ്റ് ഹൗസിൽ ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതിന് ഒരു ടൈം ലിമിറ്റ് വയ്ക്കാം. ഡിപ്പാർട്ടുമെന്റൽ സ്റ്റുഡന്റ്സ് യൂണിയൻ പ്രതിനിധികളുമായി നാളെത്തന്നെ ചർച്ച നടത്തി പ്രശ്ന പരിഹാരത്തിന് ശ്രമിക്കുന്നതാണ്. ഇക്കാര്യത്തിൽ പ്രതിപക്ഷത്തിന്റെ സഹകരണം അഭ്യർത്ഥിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഈ പ്രശ്നം പരിഹരിക്കുന്നതിന് എല്ലാവിധ സഹായവും ചെയ്യുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) **പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ തകർച്ച**

(ശ്രീ. രാജു എബ്രഹാം ഇതേ വിഷയം സംബന്ധിച്ച് സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: കെ.എസ്.ടി.പി. ഏറ്റെടുത്ത പുനലൂർ-മൂവാറ്റുപുഴ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 2013-ൽ കൊല്ലം, പത്തനംതിട്ട, കോട്ടയം ജില്ലകളിൽ മൂന്ന് സെക്ഷൻ തഹസീൽദാർ ഓഫീസുകൾ രൂപീകരിക്കുകയും 90 ശതമാനം സ്ഥലമെടുപ്പ് പൂർത്തിയാക്കുകയും ചെയ്തിരുന്നു. 13 കി.മീ. വരുന്ന തൊടുപുഴ-മൂവാറ്റുപുഴ റോഡിന്റെ പണി പൂർത്തിയാക്കുകയും പൊൻകുന്നം വരെയുള്ളതിന്റെ ടെൻഡർ വിളിക്കുകയും ചെയ്തിട്ടുണ്ട്. പി.പി.പി. മാതൃകയിൽ നിർമ്മിക്കുന്ന പൊൻകുന്നം-പുനലൂർ റോഡിന് ടോൾ ഏർപ്പെടുത്താൻ പാടില്ല. അയ്യപ്പഭക്തർ കടന്നുപോകുന്ന റോഡുകൾ നവീകരിക്കുന്നതിനായി ഇത്തവണ പത്തനംതിട്ട, കൊല്ലം ജില്ലകൾക്കായി അനുവദിച്ചത് വെറും 35 ലക്ഷം രൂപ മാത്രമാണ്. പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ച് നടക്കുന്ന അഴിമതി സംബന്ധിച്ച് അന്വേഷണം നടത്തണം.

മി. ചെയർമാൻ: ഒരംഗം ഏതൊരാളിനും എതിരായി അപകീർത്തി പ്പെടുത്തുന്നതോ കുറ്റക്കാരനാക്കുന്നതോ ആയ സ്വഭാവത്തിലുള്ള ഒരു ആരോപണം ഉന്നയിക്കുന്നതിന് മുൻകൂട്ടിയുള്ള ഒരു നോട്ടീസ് സ്പീക്കർക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിക്കും നൽകാത്തപക്ഷം ഉന്നയിക്കുവാൻ പാടില്ലാത്തതാണ്. വിഷയത്തിൽ ഒതുങ്ങി നിന്ന് സംസാരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): നിയമസഭാ ചട്ടങ്ങൾക്ക് വിരുദ്ധമായി ഇവിടെ ഉന്നയിച്ചിരിക്കുന്ന ആരോപണങ്ങൾ അടിസ്ഥാന രഹിതമാണ്. പേഴ്സണൽ സ്റ്റാഫിലെ ജീവനക്കാർക്കെതിരെ രേഖാമൂലം ഉന്നയിക്കുന്ന പരാതികൾ അന്വേഷിച്ച് നടപടി സ്വീകരിക്കും. മണ്ഡലകാലത്തോടനുബന്ധിച്ച് ശബരിമലയിൽ നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങൾക്ക് ദേവസ്വം ബോർഡ് ഗുഡ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. പി.പി.പി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന കെ.എസ്.റ്റി.പി. റോഡുകൾക്ക് ടോൾ ഏർപ്പെടുത്തുകയില്ല.

## (2) ഇന്ദിരാ ആവാസ് യോജന പദ്ധതിക്കുള്ള സംസ്ഥാന വിഹിതം

ശ്രീ. എ. കെ. ബാലൻ: പട്ടികജാതി-പട്ടികവർഗ്ഗ/ന്യൂനപക്ഷ/ബി.പി.എൽ. വിഭാഗങ്ങൾക്കായി നടപ്പാക്കുന്ന ഭവന നിർമ്മാണ പദ്ധതിയുടെ സംസ്ഥാന വിഹിതം യഥാസമയം നൽകാൻ സർക്കാർ തയ്യാറാകാത്തതിനെത്തുടർന്ന്

നിരവധി കുടുംബങ്ങൾ വഴിയാധാരമായിരിക്കുകയാണ്. ഇതുപ്രകാരം 2011-12 വർഷത്തിൽ 59,620 വീടുകൾക്കായി നൽകേണ്ട 447.15 കോടി രൂപയിൽ ഒരുരൂപപോലും സർക്കാർ നൽകിയിട്ടില്ല. സഹകരണ ബാങ്കിൽനിന്നും വായ്പ എടുത്ത് പദ്ധതി വിഹിതം കണ്ടെത്തുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയെങ്കിലും സർക്കാർ ഗ്യാരന്റി നൽകാൻ തയ്യാറാകാത്തതിനാൽ 50 കോടി രൂപ മാത്രമാണ് ഇത്തരത്തിൽ ലഭിച്ചിട്ടുള്ളത്. ഗ്രാമ വികസന വകുപ്പിന്റെ ഫണ്ട് വകമാറ്റി ലഭിച്ച 150 കോടി രൂപ ഉപയോഗിച്ച് 35010 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതത്തിലുണ്ടായ വർദ്ധനവിനാനുപാതികമായി സംസ്ഥാന വിഹിതത്തിൽ കുറവുണ്ടാകുകയും പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകാൻ തീരുമാനിക്കുകയും ചെയ്തു. അതനുസരിച്ച് ബാക്കി തുകയായ 80,000 രൂപ 25:50:25 എന്ന അനുപാതത്തിൽ നൽകുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയെങ്കിലും സംസ്ഥാന വിഹിതം നൽകുന്നതിന് സർക്കാർ തയ്യാറാകാത്ത അവസ്ഥയാണ്. ആലത്തൂർ, കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്തുകൾക്കുൾപ്പെടെ നൽകേണ്ട വിഹിതം നൽകാൻ സർക്കാർ തയ്യാറായിട്ടില്ല. 2014-15 സാമ്പത്തിക വർഷത്തിൽ ഇതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് മാത്രമല്ല, 2013-14 വർഷത്തെ സപ്ലിമെന്ററി ഗ്രാന്റിൽ അനുവദിച്ച 96 കോടി രൂപ ഉപയോഗിച്ച് പകുതി വീടുകൾ മാത്രമാണ്

പൂർത്തിയാക്കാൻ സാധിച്ചിട്ടുള്ളത്. 2012-13, 2013-14-വർഷങ്ങളിലെ കുടിശ്ശികയോടൊപ്പം ഈ വർഷത്തെ കുടിശ്ശികകൂടി ചേർത്ത് 650 കോടിയോളം രൂപ സർക്കാർ നൽകാനുണ്ട്. അതിനാൽ ഇന്ദിരാ ആവാസ് യോജനപദ്ധതിപ്രകാരം നൽകേണ്ട സർക്കാർ വിഹിതം അനുവദിച്ച് പട്ടികജാതി/പട്ടികവർഗ്ഗവിഭാഗക്കാരുടെ ഭവനനിർമ്മാണം പൂർത്തീകരിക്കണം. ഐ.എ.വൈ.പദ്ധതി പ്രകാരം വർദ്ധിപ്പിച്ച തുക അനുവദിച്ച് മുടങ്ങിയ വീട്ടുപണി പൂർത്തീകരിക്കുന്നതിനും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണത്തിന് അനുവദിച്ച തുകയുടെ പരിധി അപര്യാപ്തമായതിനാൽ അത് മൂന്നുലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): 2010-11 വരെ ഇന്ദിരാ ആവാസ് യോജന പദ്ധതിപ്രകാരം പൊതുവിഭാഗത്തിന് 75000 രൂപയും പട്ടികജാതി വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഒന്നേകാൽ ലക്ഷം രൂപയുമാണ് നൽകിയിരുന്നത്. ഈ ഗവണ്മെന്റ് ആ തുക പൊതുവിഭാഗത്തിനും പട്ടികജാതി വിഭാഗത്തിനും യഥാക്രമം രണ്ടുലക്ഷം രൂപയായും പട്ടികവർഗ്ഗ വിഭാഗത്തിന്

രണ്ടരലക്ഷം രൂപയായും വർദ്ധിപ്പിച്ചു. കേന്ദ്രവിഹിതത്തിനുപുറമെ 2012-13-ൽ ഒരു വീടിന് എഴുപത്തിയയ്യായിരം രൂപ വീതവും 2013-14-മുതൽ 50000 രൂപ വീതവും നൽകാൻ സർക്കാർ തീരുമാനിക്കുകയും ഇതിനുപുറമെ ആവശ്യമായ പണം ഗ്രാമ-ബ്ലോക്-ജില്ലാ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിൽ നിന്നും കണ്ടെത്താൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. അതനുസരിച്ച് 2012-13-ൽ നൽകേണ്ടിയിരുന്ന 336.76 കോടി രൂപയിൽ 155.795 കോടി രൂപയും 2013-14-ൽ നൽകേണ്ടിയിരുന്ന 228.69 കോടി രൂപയിൽ 108.12 കോടി രൂപയും സർക്കാർ കൊടുത്തിട്ടുണ്ട്. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ വിവിധ കാരണങ്ങളാൽ ചെലവഴിക്കാതിരുന്ന ഐ.എ.വൈ.പദ്ധതിയുടെ അക്കൗണ്ടിലെ പണവും 2013-14 -ൽ പഞ്ചായത്തുകൾ ഏറ്റെടുത്ത ചില പ്രോജക്ടുകളിൽ ചെലവഴിക്കാതെ കിടന്ന തുകയും ചേർത്ത് 148 കോടി രൂപയും ഇതിനായി ചെലവഴിച്ചിട്ടുണ്ട്. 2014-15-ൽ ലഭ്യമാകാനുള്ള അമ്പതിനായിരം രൂപ നിരക്കിൽ ആവശ്യമായ തുകയടക്കം സർക്കാർ ഈ വിധത്തിൽ ആകെ കൊടുക്കേണ്ടത് 613.15 കോടിരൂപയാണ്. 650 കോടിരൂപയുടെ ഹഡ്കോ വായ്പ ലഭ്യമായാൽ കുടിശ്ശിക കൊടുത്തുതീർക്കും. തുക വർദ്ധിപ്പിച്ചപ്പോഴുണ്ടായ സാമ്പത്തിക പ്രതിസന്ധിയാണ് ഇതിലുണ്ടായിട്ടുള്ളത്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണപദ്ധതിയുടെ തുക യൂണിഫോം ആക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## സബ്മിഷൻ

### ( 1) ടെലിവിഷൻ ചാനലുകളിലെ ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): ഇന്ത്യാവിഷൻ, ജീവൻ ടി.വി അടക്കമുള്ള ടെലിവിഷൻ ചാനലുകളിലെ മാധ്യമപ്രവർത്തകർ അടക്കമുള്ള ജീവനക്കാർക്ക് ശമ്പളവും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനും സ്വകാര്യസ്ഥാപനങ്ങളിലും കോർപ്പറേറ്റ് സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളികളുടെ സംരക്ഷണം ഉറപ്പാക്കുന്നതിനും നിയമപരമായി തൊഴിലാളികളിൽനിന്നും ഈടാക്കുന്ന വിഹിതം കൃത്യമായി അടയ്ക്കാതിരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നതിനും സർക്കാർ തയ്യാറാകണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): വിവിധ മാനേജ്മെന്റിന്റെ കീഴിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടെലിവിഷൻ ചാനലുകളിൽ മാധ്യമപ്രവർത്തകരടക്കം വിവിധ തസ്തികകളിൽ ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. എന്നാൽ ഇവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും കൃത്യമായി നൽകുന്ന മാനേജ്മെന്റുകൾ നിലവിലുണ്ട്. ദൃശ്യമാധ്യമങ്ങളുടെ മാനേജ്മെന്റുകളിന്മേൽ നിലവിലെ ചട്ടപ്രകാരം സംസ്ഥാന സർക്കാരിന് ഇടപെടാൻ പരിമിതികളുണ്ടെങ്കിലും ഇക്കാര്യം തൊഴിൽവകുപ്പിന്റെ

ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

## (2) ഹിരണ്യനല്ലൂർ ക്ഷേത്രം അഗ്നിക്കിരയായ സംഭവം

ശ്രീ. ചിറ്റയം ഗോപകുമാർ: അടൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കൽ പഞ്ചായത്തിലെ ഇളമ്പള്ളിൽ ശ്രീഹിരണ്യനല്ലൂർ മഹാദേവർക്ഷേത്രം അഗ്നിക്കിരയായ സംഭവം ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): അടൂർ പോലീസ് സ്റ്റേഷൻപരിധിയിൽപ്പെട്ട പഴകുളം ഇളമ്പള്ളി ഹിരണ്യനല്ലൂർ മഹാദേവർക്ഷേത്രത്തിലെ ശ്രീകോവിൽ 20-9-14-ന് 7.45-നും 21.9.14-ന് പുലർച്ചെ 5.15-നും മദ്ധ്യേ അഗ്നിക്കിരയാകുകയും ഫോറൻസിക് സയൻസ് ലബോറട്ടി ഉദ്യോഗസ്ഥർ, വിരലടയാളവിദഗ്ദ്ധർ, പോലീസ് ഫോട്ടോഗ്രാഫർ, ഡോഗ് സ്ക്വാഡ് എന്നീ വിഭാഗക്കാരെക്കൊണ്ട് തെളിവെടുപ്പ് നടത്തുകയും വിശദമായ അന്വേഷണം നടത്തുന്നതിന് 13-10-2014-ന് അടൂർ പോലീസ് സർക്കിൾ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തീപിടുത്തത്തിൽ ശ്രീകോവിലിലെ വിഗ്രഹങ്ങൾക്ക് കേടുപാടുകളോ വസ്തുവകകൾ മോഷണം പോകുകയോ ചെയ്തിട്ടില്ല. അമ്പലവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുപ്പത്തിമൂന്നുപേരെ പോലീസ് ചോദ്യം ചെയ്യുകയും മറ്റ് ക്ഷേത്രങ്ങളിൽ നടന്ന

മോഷണങ്ങളെപ്പറ്റിയും അതിലെ പ്രതികളെപ്പറ്റിയും സ്ഥലത്തെ മൊബൈൽഫോൺ ടവർ കേന്ദ്രീകരിച്ചും അന്വേഷണം നടത്തിയെങ്കിലും നാളിതുവരെ തീപിടുത്തത്തിന്റെ കാരണം വെളിവായിട്ടില്ല. ആയതിനാൽ പ്രസ്തുത സംഭവം സംബന്ധിച്ച് ക്രൈംബ്രാഞ്ചിനെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (3) കിസ് ഓഫ് ലവ് പ്രവർത്തകർക്കുനേരെയുണ്ടായ ആക്രമണം

ശ്രീ. എ. പ്രദീപ് കുമാർ : കോഴിക്കോട് കിസ്സ് ഓഫ് ലവ് പ്രവർത്തകർ നടത്തിയ ചുംബന സമരത്തിൽ പങ്കെടുക്കാൻ എത്തിയവരെ ആക്രമിച്ചവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും ജനാധിപത്യപരമായ പ്രതിഷേധങ്ങൾക്ക് സംരക്ഷണം നൽകാനും തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): 07.12.2014-ന് പകൽ 3.00 മണിയോടെ കോഴിക്കോട് കസബ പോലീസ് സ്റ്റേഷൻ പരിധിയിൽ കിസ് ഇൻ സ്ട്രീറ്റ് എന്ന പേരിൽ ചുംബന പരിപാടിയുമായി മൂന്ന് സ്ത്രീകളുൾപ്പെടെ 40 പേരടങ്ങുന്ന സംഘവും സമരത്തെ എതിർത്ത് 30-ഓളം പേരും ബസ്സ്റ്റാൻഡ് പരിസരത്തെത്തിയിരുന്നു. സമരാനുകൂലികളും സമരത്തെ എതിർക്കുന്നവരും സംഘർഷത്തിലേയ്ക്ക് നീങ്ങുമെന്ന സ്ഥിതി വന്നപ്പോൾ

സ്ഥലത്തുണ്ടായിരുന്ന പോലീസ് ഇരുകൂട്ടരെയും അറസ്റ്റ് ചെയ്ത് കേസ് രജിസ്റ്റർ ചെയ്തു. കിഡ്സൻ കോർണർ ജംഗ്ഷനിൽ ചുംബനം നടത്താൻ ശ്രമിച്ചവരും അതിനെ എതിർത്തവരും തമ്മിൽ ഏറ്റുമുട്ടലുണ്ടാകുന്ന അവസ്ഥയുണ്ടായപ്പോൾ പോലീസ് ലാത്തിവീശി വിരട്ടിയോടിക്കുകയുണ്ടായി. ഈ കാര്യത്തിൽ ൗൺ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും രണ്ട് പേരെ അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിടുകയും ചെയ്തിട്ടുണ്ട്. അറസ്റ്റിനിടെ വനിതാ പോലീസിന് തടസ്സം സൃഷ്ടിച്ച ആളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. സമരാനുകൂലികളും സമരത്തെ എതിർക്കുന്നവരും തമ്മിൽ സംഘർഷമുണ്ടായപ്പോൾ ക്രമസമാധാനം ഉറപ്പുവരുത്താനുള്ള ഇടപെടൽ മാത്രമാണ് പോലീസ് നടത്തിയിട്ടുള്ളത്. ചുംബന സമരം ഗവൺമെന്റ് നിരോധിച്ചിട്ടില്ല. ഈ വിഷയം പോലീസിന് മുൻകൂട്ടി അറിയാൻ കഴിയാതിരുന്നതുകൊണ്ടാണ് സംഘർഷമുണ്ടായത്. ചുംബന സമരത്തെ ഒബ്സീൻ ആക്റ്റായി സർക്കാർ കണ്ടിട്ടില്ല. ഈ സംഭവത്തിൽ പോലീസിന്റെ ഭാഗത്തുനിന്ന് ഒരു തരത്തിലുമുള്ള വീഴ്ചയുണ്ടായിട്ടില്ല. ഇത്തരം സമരങ്ങൾ ക്രമസമാധാന പ്രശ്നമായി മാറുകയാണെങ്കിൽ പോലീസിന്റെ ഇടപെടൽ ഉണ്ടാകുകയും നടപടിയുണ്ടാകുകയും ചെയ്യും.

## (4) കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം തീർത്ഥാടന കേന്ദ്രമായി സംരക്ഷിക്കൽ

ശ്രീ. വി. ഡി. സതീശൻ: വിശുദ്ധ പദവിയിലേയ്ക്ക് ഉയർത്തപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചന്റെ ഭൗതിക ശരീരം അടക്കം ചെയ്തിരിക്കുന്നതും തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്നതുമായ കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയത്തിന് സംസ്ഥാന സർക്കാരിന്റെ പിന്തുണയും ധനസഹായവും നൽകാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): കുനമ്മാവ് സെന്റ് ഫിലോമിനാസ് ദേവാലയം തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുന്നതാണ്. സ്ഥലം എം.എൽ.എ. അതിനാവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിച്ചാൽ ഗവൺമെന്റ് അത് പ്രത്യേകമായി പരിഗണിക്കുന്നതാണ്.

## (5) മെഡിക്കൽ കോളേജിന്റെ പ്രവർത്തനം

ശ്രീ. പി. കെ. ഗുരുദാസൻ: വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന കൊല്ലം പാർവ്വതി മില്ലിന്റെ ഭൂമി ലഭ്യമാക്കി അവിടെ മെഡിക്കൽ കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): കൊല്ലം ജില്ലയിൽ ഇ.എസ്.ഐ. കോർപ്പറേഷന്റെ കീഴിലുള്ള മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തിയായിട്ടുണ്ട്. എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് വഴിയുള്ള ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനും കൂടുതൽ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസം പ്രാപ്തമാക്കുന്നതിനുംവേണ്ടി സർക്കാർ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കാനാണ് ഈ ഗവൺമെന്റ് വിഭാവന ചെയ്യുന്നത്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനാവശ്യമായ ഭൂമിയും മറ്റ് അനുബന്ധ സൗകര്യങ്ങളും വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്താനാണ് ലക്ഷ്യമിടുന്നത്. മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിന് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിഷ്കർഷിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടങ്ങൾ, അദ്ധ്യാപക-അനദ്ധ്യാപക തസ്തികകൾ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്ന പാർവ്വതി മില്ലിന്റെ സ്ഥലം മെഡിക്കൽ കോളേജ് തുടങ്ങാൻ പര്യാപ്തമാണോയെന്നും ഇന്ത്യൻ മെഡിക്കൽ കൗൺസിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്ക് അനുസൃതമായ ഭൂപ്രദേശമാണോയെന്നുമുള്ള പരിശോധന പൂർത്തിയാക്കി അനുയോജ്യമാണെന്ന്

കണ്ടെത്തുന്നപക്ഷം ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സംസ്ഥാനത്തെ എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജ് ആരംഭിക്കുകയെന്നുള്ളത് ഈ ഗവൺമെന്റിന്റെ നയമാണ്. പതിമൂന്ന് ജില്ലകളിലും മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള സ്ഥലം സംബന്ധിച്ച് ഏകദേശം രൂപരേഖയായിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്നും പാർവ്വതി മില്ലിന്റെ സ്ഥലം വിട്ടുകിട്ടുകയെന്നുള്ളതാണ് പ്രധാനപ്പെട്ട പ്രശ്നം. ഒരേ കാമ്പസ് എന്ന നിലയിൽ ഓവർ ബ്രിഡ്ജ് വഴി ജില്ലാ ആശുപത്രി കോമ്പൗണ്ടുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കാനുള്ള സാധ്യതയുണ്ട്. നിയമപരമായ നടപടികളിലൂടെയാണ് പാലക്കാട്, ഹരിപ്പാട് എന്നിവിടങ്ങളിൽ സംസ്ഥാന ഗവൺമെന്റ് സ്ഥലം ഏറ്റെടുത്തിട്ടുള്ളത്. കേന്ദ്ര സമീപനം പ്രത്യേകമായി പരിശോധിക്കുന്നതും സാധ്യത പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നതുമായിരിക്കും. ആർബിട്രേഷൻ ട്രൈബ്യൂണലിൽ കക്ഷിചേരുന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

## (6) ഗതാഗതക്കുരുക്ക്

ശ്രീ. പി. ബി. അബ്ദുൾ റസാക്: എൻ.എച്ച്.-17-ൽ മഞ്ചേശ്വരം സെയിൽസ് ടാക്സ് ചെക്ക് പോസ്റ്റിൽ വാഹന പരിശോധനയെ തുടർന്നുണ്ടാകുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണണം. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വാഹനം പാർക്ക് ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി ലൈൻ ഉയർത്താനും പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): നിലവിൽ കേരളത്തിലേയ്ക്ക് പ്രവേശിക്കുന്ന ചരക്ക് വാഹനങ്ങൾ വാണിജ്യ നികുതി ചെക്ക്പോസ്റ്റിൽനിന്നും നൂറ് മീറ്റർ വടക്ക് മാറി സ്ഥിതി ചെയ്യുന്ന എക്സൈസ് ചെക്ക് പോയിന്റിൽ പരിശോധനയ്ക്കുവിധേയമായതിനുശേഷം വേയ് ബ്രിഡ്ജിൽ പ്രവേശിച്ച് വാണിജ്യ നികുതി ചെക്ക് പോസ്റ്റ് പരിസരത്ത് ഹൈവേയിൽ പാർക്ക് ചെയ്യുന്നതാണ് ഗതാഗതക്കുരുക്കിന് പ്രധാന കാരണം. എക്സൈസ് ചെക്ക് പോയിന്റ് മുതൽ വാണിജ്യ നികുതി വകുപ്പിന്റെ ഇൻടോക്കൺ കൗണ്ടർ വരെ അനുഭവപ്പെടുന്ന നിയന്ത്രണാതീതമായ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനായി

എക്സൈസ് ചെക്ക് പോയിന്റ് വടക്കോട്ട് മാറ്റി സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവെങ്കിലും സാങ്കേതിക തടസ്സങ്ങൾമൂലം സാധ്യമായില്ല. പോലീസ് എയ്ഡ് പോസ്റ്റിന്റെ പ്രവർത്തനം ഇരുപത്തി നാല് മണിക്കൂറും ലഭ്യമാകുന്നത് സഹായകരമായിരിക്കും. സംയോജിത ചെക്ക്പോസ്റ്റിനായി സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ഹൈവേയോട് ചേർന്ന ഭാഗം ചരക്ക് വാഹനത്തിന് പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിന് വനം വകുപ്പിന്റെ അനുമതിയോടെ പാഴ്മരങ്ങൾ മുറിച്ചുമാറ്റുകയും വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് തടസ്സമായി നിൽക്കുന്ന വൈദ്യുതി ലൈനുകൾ ഉയർത്തുകയും വേണം. പാർക്കിംഗ് ഏരിയയുടെ പ്രവർത്തനം ആരംഭിക്കുന്നതോടുകൂടി ഗതാഗതക്കുരുക്ക് നിയന്ത്രിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (7) <u>അദ്ധ്യാപക നിയമനം</u>

<u>ശ്രീ. എം. വി. ശ്രേയാംസ് കുമാർ</u>: രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ പദ്ധതിയുടെ കീഴിൽ വയനാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള സ്കൂളുകളിൽ അധ്യാപക ബാങ്കിൽനിന്ന് പുനർവിന്യസിച്ചോ തദ്ദേശവാസികളായ അധ്യാപകരെ സ്ഥലം മാറ്റിയോ നിയമനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): വയനാട് ജില്ലയിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം പ്രവർത്തിക്കുന്ന പതിനാല് സ്കൂളുകളിലും കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകരിച്ച ഹെഡ് മാസ്റ്റർ, എച്ച്.എസ്.എ., ഓഫീസ് അസിസ്റ്റന്റ്/മൾട്ടി ടാസ്ക് സപ്പോർട്ടിംഗ് സ്റ്റാഫ് എന്നീ തസ്തികകളിൽ ശമ്പളം നൽകി വരുന്നുണ്ട്. അധിക അധ്യാപക തസ്തിക സൃഷ്ടിക്കാനും പുനർവിന്യാസത്തിലൂടെ അധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. 2013-14-ൽ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്താനായി സമർപ്പിച്ച മുപ്പത് സ്കൂളുകളുടെ പ്രൊപ്പോസൽ കേന്ദ്ര മാനവ വിഭവശേഷി വകുപ്പിന്റെ പരിഗണനയിലാണ്. എം.എച്ച്.ആർ.ഡി.യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അധ്യാപക നിയമനങ്ങൾ സംബന്ധിച്ച് ആർ.എം.എസ്.എ. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. തസ്തിക നിർണ്ണയം നടത്തിയപ്പോൾ അധികമായി വന്ന അധ്യാപകരെ ടി സ്കൂളുകളിൽ പുനർവിന്യസിക്കുന്നതിനും അധ്യാപകരില്ലെങ്കിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുമുള്ള നിർദ്ദേശം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്. 2009-10 വർഷത്തിൽ അപ്ഗ്രേഡ് ചെയ്ത പന്ത്രണ്ട് സ്കൂളുകളിൽ രണ്ട് സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിക്കുകയും

പത്ത് സ്കൂളുകളുടെ ഇ-ടെന്ററിംഗ് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

## (8) താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധി

ശ്രീ. മാത്യു റ്റി. തോമസ്: പക്ഷിപ്പനി ഭീതി കാരണം സംസ്ഥാനത്തെ താറാവ് കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാനും അവർക്ക് മതിയായ നഷ്ടപരിഹാരം നൽകാനും കർഷകരുടെ മുഴുവൻ വായ്പയും കടബാധ്യതയും എഴുതിത്തള്ളാനും ഭീതിയകറ്റി താറാവ് വിപണി സജീവമാക്കാൻ കഴിയുന്നവിധത്തിലുള്ള ബോധവൽക്കരണ പരിപാടികൾ നടത്താനും നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: താറാവ് കർഷകരുടെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള സാമ്പത്തിക സഹായം നൽകാനും വായ്പകൾ എഴുതിത്തള്ളാനുമുള്ള നടപടിയുണ്ടാകണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ പക്ഷിപ്പനി സ്ഥിരീകരിച്ചപ്പോൾത്തന്നെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു. രോഗബാധിത പ്രദേശത്തിന് ഒരു കിലോമീറ്റർ

ചുറ്റളവിലുള്ള മുഴുവൻ പക്ഷികളേയും നശിപ്പിച്ച് ശാസ്ത്രീയമായി സംസ്കരിക്കുകയും രോഗം വ്യാപിക്കാതിരിക്കാൻ മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും കർഷകർക്ക് നഷ്ടപരിഹാരം നൽകുകയും ചെയ്തിട്ടുണ്ട്. രോഗബാധ നിയന്ത്രണ വിധേയമായ സ്ഥലങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. താറാവ് കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും ശാസ്ത്രീയമായ താറാവ് വളർത്തലിന് മാർഗ്ഗരേഖ സൃഷ്ടിക്കുന്നതിനും ആവശ്യമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 16.12.2014-ന് യോഗം കൂടാൻ തീരുമാനിച്ചിട്ടുണ്ട്. കർഷകരുടെയും ജനപ്രതിനിധികളുടെയും നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുന്നതാണ്.

## (9) വൈദ്യുതിലൈൻ ഡബിൾ സർക്യൂട്ട് ആക്കൽ

ശ്രീ. എ. റ്റി. ജോർജ്: കൂടംകുളം താപ വൈദ്യുത നിലയത്തിൽനിന്നും കേരളത്തിൽ വൈദ്യുതി എത്തിക്കുന്നതിനായി കൂടംകുളം-പുത്തൂർ-പാറശ്ശാല സബ്സ്റ്റേഷനിലേയ്ക്കുള്ള ലൈൻ ഡബിൾ സർക്യൂട്ട് ആക്കുന്നതിന് നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): കൂടംകുളം താപ വൈദ്യുത നിലയത്തിൽനിന്നും വൈദ്യുതി കൊണ്ടുവരുന്നതിനായി തിരുനെൽവേലി-കൊച്ചി-മാടക്കത്തറ വഴി 400 കെ.വി. ലൈനാണ് നിർമ്മിക്കുന്നത്. പാറശ്ശാല സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ.വി.യെ ഡബിൾ സർക്യൂട്ട് ലൈൻ ആക്കിയാലും കൂടംകുളം താപ വൈദ്യുത നിലയത്തിൽനിന്നും 400 കെ.വി. വൈദ്യുതി കൊണ്ടുവരാൻ സാധിക്കില്ല. കൂടംകുളത്തുനിന്ന് വൈദ്യുതി എത്തിക്കുമ്പോൾ പത്ത് ശതമാനത്തോളം ട്രാൻസ്മിഷൻ ലോസ് വരുന്നുണ്ട്. പാറശ്ശാല സബ്സ്റ്റേഷനെ ഡബിൾ സർക്യൂട്ടാക്കുന്നത് പ്രായോഗികമാണോയെന്നുള്ളത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

## (10) റാങ്ക് ഹോൾഡേഴ്സിന്റെ നിരാഹാര സമരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമനം ലഭിക്കാത്തതിൽ പ്രതിഷേധിച്ച് നഴ്സിംഗ് റാങ്ക് ഹോഴ്ഡേഴ്സ് നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം അവസാനിപ്പിക്കുന്നതിനും അവർക്ക് നിയമനം നൽകുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ആരോഗ്യ വകുപ്പിൽ ഡി.എച്ച്.എസ്.ന്റെ കീഴിൽ സ്റ്റാഫ് നഴ്സ് ഗ്രേഡ് II

തസ്തികയൊന്നുംതന്നെ ഒഴിഞ്ഞുകിടക്കുന്നില്ല. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള ഒഴിവിലേയ്ക്ക് 12.11.2013-ന് നിലവിൽവന്ന സ്റ്റാഫ് നഴ്സ് ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തണമെന്ന ആവശ്യമുന്നയിച്ചാണ് നഴ്സിംഗ് റാങ്ക് ഹോൾഡേഴ്സ് സമരം ചെയ്യുന്നത്. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഹോസ്പിറ്റൽ സ്റ്റാഫിൻ മേലുള്ള ഡ്യൂവൽ കൺട്രോൾ സിസ്റ്റം നിർത്തലാക്കിക്കൊണ്ട് 1.6.2007-ൽ ഉത്തരവ് പുറപ്പെടുവിച്ചതനുസരിച്ച് പ്രസ്തുത സ്റ്റാഫിന്റെ നിയമനാധികാരവും ഭരണചുമതലയും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നേരിട്ട് നിക്ഷിപ്തമായിരിക്കുകയാണ്. 11.5.2011-ൽ നിലവിൽ വന്ന സ്പെഷ്യൽ റൂൾസ് പ്രകാരം ഹെഡ് നഴ്സ്, സ്റ്റാഫ് നഴ്സ് ഗ്രേഡ് I, ഗ്രേഡ് II തുടങ്ങിയവരുടെ നിയമനാധികാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്കാണ്. 31.7.2010-ൽ പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചപ്പോൾ ആരോഗ്യ വകുപ്പിലെ നിയമനങ്ങൾ നടത്തിയിരുന്നത് ഒന്നിച്ചായിരുന്നതിനാൽ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഒഴിവുകൾക്കൂടി നികത്തണമെന്ന് ആവശ്യപ്പെട്ട് റാങ്ക് ഹോൾഡേഴ്സ് അസോസിയേഷൻ നിവേദനം സമർപ്പിച്ചിട്ടുണ്ട്. പി.എസ്.സി.യുടെ സമ്മതത്തോടെ ഒഴിവുകൾ മറ്റ്

ലിസ്റ്റുകളിൽനിന്ന് നികത്തുന്നതിന് തടസ്സമില്ലെന്ന് പി. ആന്റ് എ.ആർ.ഡി. അഭിപ്രായപ്പെട്ടതിനാൽ ഇക്കാര്യത്തിൽ പി.എസ്.സി.യുടെ ഉപദേശം തേടിയിരിക്കുകയാണ്. പി.എസ്.സി.യിൽനിന്ന് മറുപടി ലഭിച്ചശേഷം ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## (11) തൃപ്രയാർ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ

ശ്രീമതി ഗീതാ ഗോപി: കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): തൃപ്രയാർ ശ്രീരാമ ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് രണ്ട് ഘട്ടങ്ങളിലായി പണം അനുവദിച്ച് പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും പ്രസ്തുത സ്ഥലം കേന്ദ്ര ആർക്കിയോളജിക്കൽ വകുപ്പിന്റെ അധീനതയിലുള്ളതായതിനാൽ പ്രവൃത്തികൾ നിറുത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിറുത്തിവച്ചിരിക്കുകയാണ്. നിർവ്വഹണ ഏജൻസിയായ കിറ്റ്കോയും ടൂറിസം വകുപ്പും പദ്ധതിക്ക് ക്ലിയറൻസ് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി

പൂർത്തീകരിക്കുന്നതാണ്.

## (12) തങ്കളം -കോഴിപ്പിള്ളി ബൈപ്പാസ് റോഡ് പൂർത്തീകരണം

ശ്രീ. റ്റി.യു. കുരുവിള: തങ്കളം-കോഴിപ്പിള്ളി ബൈപ്പാസ് റോഡിന്റെ സ്ഥലമെടുപ്പിൽ ഉണ്ടായിട്ടുള്ള ക്രമക്കേട് പരിഹരിക്കുന്നതിനും റോഡ് നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): എറണാകുളം ജില്ലയിലെ തങ്കളം-കോഴിപ്പിള്ളി ബൈപ്പാസിനുവേണ്ടി 2009-ൽ സ്ഥലമേറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുകയും പണി ആരംഭിക്കുകയും ചെയ്തിരുന്നു. ഭൂമി ഏറ്റെടുത്തശേഷം സർവ്വേ നമ്പറിൽ വന്ന പിശക് സംബന്ധിച്ച് ഭൂ ഉടമകളിലൊരാൾ ഹൈക്കോടതിയിൽ സമർപ്പിച്ച കേസിൽ സ്റ്റേ അനുവദിക്കുകയും രേഖകൾ ഹാജരാക്കാൻ സാധിക്കുന്നപക്ഷം ടിയാൾക്ക് നഷ്ടപരിഹാരം അനുവദിക്കാനും അല്ലാത്തപക്ഷം തുക കോടതിയിൽ കെട്ടിവയ്ക്കാനും ഉത്തരവാകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ 1.47 ആർ സ്ഥലത്തിന്റെ നഷ്ടപരിഹാരം കക്ഷിക്ക് നൽകുകയും രേഖകൾ ഹാജരാക്കാൻ സാധിക്കാത്ത 7 ആർ സ്ഥലത്തിന്റെ നഷ്ടപരിഹാരം മൂവാറ്റുപുഴ സബ്കോടതിയിൽ കെട്ടിവയ്ക്കുകയും ചെയ്തെങ്കിലും വീണ്ടും ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ഈ വിഷയം ജില്ലാ വികസന

സമിതിയിൽ ഉന്നയിക്കുകയും ചെയ്തു. ഇതിനെത്തുടർന്ന് ജില്ലാ കളക്ടറുടെ നിർദ്ദേശാനുസരണം റീസർവ്വേ ചെയ്ത് റെക്കോർഡുകൾ തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ മന:പൂർവ്വം വീഴ്ച വരുത്തിയതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന് എറണാകുളം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏതെങ്കിലും ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥനെ അന്വേഷണ കമ്മീഷനായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (13) സാനിട്ടേഷൻ വർക്കർമാരുടെ പ്രശ്നങ്ങൾ

ശ്രീ. ജെയിംസ് മാത്യു: സംസ്ഥാനത്തെ മുനിസിപ്പൽ കോർപ്പറേഷനുകളിലും നഗരസഭകളിലും ജോലിചെയ്യുന്ന സാനിട്ടേഷൻ വർക്കേഴ്സിന്റെ ജോലിഭാരം തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :സംസ്ഥാനത്ത് സാനിട്ടേഷൻ വർക്കേഴ്സിന്റെ 5111 തസ്തികകൾ നിലവിലുണ്ട്. പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിനുള്ള അധികാരം അതാത് നഗരസഭകൾക്കാണ്. കണ്ടിജന്റ് ജീവനക്കാർക്ക് പുറമേ കുടുംബശ്രീ പ്രവർത്തകരെ ശുചീകരണ പ്രവർത്തനങ്ങൾക്ക് നിയോഗിക്കുന്നതിനും മതിയായ

ജീവനക്കാരില്ലെന്ന് ബോധ്യമാകുന്നപക്ഷം ദിവസക്കൂലിക്ക് ജീവനക്കാരെ നിയമിക്കുന്നതിനും സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉറവിടമാലിന്യ സംസ്കരണം ആരംഭിച്ചതോടെ മാലിന്യ നീക്കത്തിന്റെ ആവശ്യം ഗണ്യമായി കുറഞ്ഞതും മഴക്കാല/മഴക്കാല പൂർവ്വ ശുചീകരണമുൾപ്പെടെയുള്ള പ്രവർത്തനങ്ങൾ വാർഡ്തല സാനിട്ടേഷൻ സമിതികളുടെ മേൽനോട്ടത്തിൽ ജനപങ്കാളിത്തത്തോടെ ചെയ്യുന്നതിന്റെ ഭാഗമായും ശുചീകരണ വിഭാഗം തൊഴിലാളികളുടെ ജോലി ഭാരം മുൻകാലത്തെ അപേക്ഷിച്ച് വളരെ കുറഞ്ഞുവെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഏതെങ്കിലും നഗരസഭകളിൽ തൊഴിലാളികളുടെ അപര്യാപ്തതയോ ജോലിഭാരമോ ശ്രദ്ധയിൽപ്പെടുത്തിയാൽ അത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. മുനിസിപ്പൽ ജീവനക്കാരുടെ പൊതുവായ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിശ്ചയിച്ച ശ്രീ. കുട്ടി അഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.

## (14) സിമന്റ് പാത്ര നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സി.കെ നാണു: മണൽ ക്ഷാമംമൂലം പരമ്പരാഗത സിമന്റ് പാത്ര നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

വടകര തുറമുഖത്ത് നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമായി തദ്ദേശവാസികളായ പരമ്പരാഗത മണൽ വാരൽ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി രൂപീകൃതമായ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. സൊസൈറ്റി ഡ്രഡ്ജിംഗ് നടത്തി മാറ്റുന്ന മണൽ നിയമാനുസൃതമായ തുക ഒടുക്കി ആവശ്യക്കാർക്ക് ഓൺലൈൻ ബുക്കിംഗിലൂടെ കടവുകളിൽ നിന്നും വാങ്ങാവുന്നതാണ്. നിലവിലുള്ള രണ്ടു സോണുകൾക്കുപുറമേ ഗവൺമെന്റ് ഉത്തരവും ടെണ്ടർ നിബന്ധനപ്രകാരവും യോഗ്യതയുള്ള ഒരു സൊസൈറ്റിക്കുകൂടി വടകരയിൽ മാന്വൽ ഡ്രഡ്ജിംഗിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. ഓൺലൈൻ ബുക്കിംഗോ വാഹന പാസോ ഇല്ലാതെ ഡ്രഡ്ജിംഗ് നടത്തി കൊണ്ടുപോകുന്ന പദാർത്ഥങ്ങളുടെ അളവ് പരിശോധിക്കാനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഇപ്പോഴത്തെ സ്ഥിതിയിൽ മാറ്റം വരുത്താൻ നിർവ്വാഹമില്ല. ഇക്കാര്യത്തിൽ എന്തെങ്കിലും പ്രായോഗിക നടപടി സ്വീകരിക്കാൻ സാധിക്കുമോ എന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (15) <u>ടോൾ പിരിവ് നിർത്തലാക്കൽ</u>

<u>ശ്രീ. സി. പി. മുഹമ്മദ്</u>: തൃശ്ശൂർ-മലപ്പുറം റോഡിലെ ഷൊർണൂർ - കൊച്ചി പാലത്തിലെയും പുലാമന്തോൾ പാലത്തിലെയും ടോൾ പിരിവ് നിർത്തലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്</u>): ഷൊർണൂർ-കൊച്ചി പാലം പൊതുമരാമത്ത് വകുപ്പ് സർക്കാർ ഫണ്ടുപയോഗിച്ചും പുലാമന്തോൾ പാലം റോഡ്സ് ആൻറ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്ത തുക ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. കേരള ടോൾസ് ആക്ട് പ്രകാരവും കേരള റോഡ് ഫണ്ട് ആക്ട് പ്രകാരവും ടോൾ പിരിവ് തുടങ്ങി പതിനഞ്ച് വർഷം പൂർത്തിയാക്കുന്നതുവരെയോ നിർമ്മാണച്ചെലവും പലിശയും ചേർത്തുവരുന്ന തുക പൂർണ്ണമായും പിരിഞ്ഞു കിട്ടുന്നതുവരെയോ മാത്രമാണ് ടോൾ കാലാവധിയായി നിശ്ചയിച്ചിട്ടുള്ളത്. കേരള ടോൾസ് ആക്ട് ഭേദഗതി നിയമപ്രകാരം പത്ത് കോടി രൂപയിൽ കുറവ് നിർമ്മാണചെലവ് വരുന്ന പാലങ്ങളെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെ നിർമ്മാണച്ചെലവ് 11.95 കോടി രൂപ ആയതിനാൽ ഇതിനെ ടോൾ പിരിവിൽ നിന്നും ഒഴിവാക്കാൻ കഴിയില്ല. പുലാമന്തോൾ പാലത്തിന്റെ

നിർമ്മാണച്ചെലവിനായി ആർ.ബി.ഡി.സി. വായ്പയെടുത്ത തുക പൂർണ്ണമായും തിരിച്ച് കിട്ടുന്നതുവരെ ടോൾ പിരിക്കാൻ അവകാശമുണ്ടെങ്കിലും ഈയിനത്തിൽ എത്രതുക പിരിഞ്ഞുകിട്ടിയെന്ന് പരിശോധിച്ചതിനുശേഷം പ്രസ്തുത പാലത്തിന്റെ ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## (16) നാലുവരിപ്പാത നിർമ്മാണം

ശ്രീ. ബാബു എം. പാലിശ്ശേരി: തൃശ്ശൂർ കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയിൽ പെരുമ്പിലാവ് മുതൽ കുറ്റിപ്പുറം വരെ നാലുവരിപ്പാത നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്) :തൃശ്ശൂർ കുറ്റിപ്പുറം സ്റ്റേറ്റ് ഹൈവേയിൽ തൃശ്ശൂർ മുതൽ ചൂണ്ടൽ വരെയുള്ള ഭാഗം നാലുവരിപ്പാതയാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. കെ.എസ്.ടി.പി. 1 പദ്ധതിയിൽപ്പെടുത്തി ചൂണ്ടൽ മുതൽ കുറ്റിപ്പുറം വരെയുള്ളഭാഗം രണ്ടുവരിപ്പാതയാക്കി നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. റോഡ് നിർമ്മാണത്തിനുമുമ്പുള്ള വാഹനങ്ങളുടെ കണക്കും അപകടങ്ങളുടെ നിരക്കും പരിശോധിച്ച് നല്ല നിലവാരത്തിലുള്ള റോഡുകളാണ് നിർമ്മിച്ചിട്ടുള്ളത്. പെരുമ്പിലാവ് മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് സർവ്വേ നടപടികൾ പൂർത്തിയാക്കി

സ്ഥലം ഏറ്റെടുക്കുന്നതുൾപ്പെടെയുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

## (17) കനോലി കനാൽ ശുദ്ധീകരിക്കൽ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: മലപ്പുറം ജില്ലയിലെ കനോലി കനാൽ ശുദ്ധീകരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി(ശ്രീ. പി. ജെ. ജോസഫ്): മലപ്പുറം ജില്ലയിലെ താനൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന താനൂർ-കൂട്ടായി കനാലിന്റെ 360 മീറ്റർ നീളത്തിലുള്ള വികസന പ്രവൃത്തികൾ പൂർത്തീകരിക്കുകയും 1920 മീറ്റർ നീളത്തിൽ 900 ലക്ഷം രൂപ അടങ്കൽ തുകയ്ക്കുള്ള പ്രവൃത്തികൾ നടന്നുവരികയും ശേഷിക്കുന്ന പ്രവൃത്തികൾക്ക് 5190 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിട്ടുമുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്. പ്രസ്തുത കനാലിൽ നിന്നും പായലും ചെളിയും നീക്കം ചെയ്യുന്നതിലൂടെയും തീര സംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലൂടെയും ഒരു പരിധിവരെ കനാൽ മാലിന്യമുക്തമാക്കാൻ സാധിച്ചിട്ടുണ്ട്. ആശുപത്രികൾ, ഹോട്ടലുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും മലിനജലം തുറന്നുവിടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## (18) കുടിവെള്ള പദ്ധതികൾ കമ്മീഷൻ ചെയ്യൽ

ശ്രീ. ആർ. രാജേഷ്: മാവേലിക്കര മണ്ഡലത്തിലെ നൂറനാട്-പാറ്റൂർ കുടിവെള്ള പദ്ധതിയും കുറത്തിക്കാട് കുടിവെള്ള പദ്ധതിയും കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി(ശ്രീ. പി. ജെ. ജോസഫ്): നൂറനാട്-പാറ്റൂർ കുടിവെള്ളപദ്ധതിയുടെ പണി ഏകദേശം പൂർത്തിയായിട്ടുണ്ട്. എടപ്പോണിൽ കിണറിനുമുകളിലുള്ള പമ്പ് ഹൗസ് പുനർനിർമ്മിക്കുന്നതിനും പാനൽ ബോർഡ് സ്ഥാപിക്കുന്നതിനുള്ള കെട്ടിടത്തിന്റെ എസ്റ്റിമേറ്റും തയ്യാറാക്കി പരിശോധിച്ചുവരികയാണ്. ജലശുദ്ധീകരണ ശാലയിൽ നിന്നും പമ്പ് ചെയ്യുന്നതിന് രണ്ട് 95 എച്ച്.പി. പമ്പ് സെറ്റും ഒരു ഇലക്ട്രിക്കൽ സബ് സ്റ്റേഷനും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കുറത്തിക്കാട് ശുദ്ധജലപദ്ധതിയുടെ പ്രവൃത്തികൾ 85 ശതമാനത്തോളം പൂർത്തീകരിക്കുകയും 400 എം.എം.സി.ഐ.ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിക്കുന്നതിന്റെ ഭാഗമായി മാവേലിക്കര കല്ലുമല റെയിൽവേ ക്രോസിംഗ്, പ്രായിക്കര പാലം ക്രോസിംഗ്, മാവേലിക്കര മുനിസിപ്പൽ റോഡിലുള്ള പൈപ്പ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിക്കാനുണ്ട്. കല്ലുമല റെയിൽവേ ട്രാക്ക് ക്രോസിംഗിനായി 20 ലക്ഷം രൂപ അടയ്ക്കുകയും അനുമതി കിട്ടിയെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ ലഭിച്ച അനുമതി മരവിപ്പിച്ചിരിക്കുകയുമാണ്. പ്രായിക്കരപാലത്തിലൂടെ പൈപ്പ്

സ്ഥാപിക്കുന്നതിനുള്ള അനുമതി കെ.എസ്.ടി.പി.യിൽ നിന്നും ലഭിച്ചിട്ടില്ല. മുനിസിപ്പൽ റോഡിലൂടെ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പണിയും അനുബന്ധ പ്രവൃത്തികളും പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (19) ദിവസവേതന ഡ്രൈവർമാരുടെ പിരിച്ചുവിടൽ

ശ്രീ. സി. മോയിൻകുട്ടി: വിവിധ ഗ്രാമപഞ്ചായത്തുകളിൽ ദീർഘകാലമായി ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്തുവരുന്ന ഡ്രൈവർമാരെ ജോലിയിൽ നിന്നും പിരിച്ചുവിടുന്നതിനെതിരെ നടപടി സ്വീകരിക്കണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): സംസ്ഥാനത്താകെയുള്ള 978 ഗ്രാമപഞ്ചായത്തുകളിൽ 54 പഞ്ചായത്തുകളിലാണ് ഡ്രൈവർ തസ്തിക നിലവിലുണ്ടായിരുന്നത്. ഗ്രാമപഞ്ചായത്ത് കമ്മിറ്റികളാണ് ദിവസവേതനാടിസ്ഥാനത്തിൽ താൽക്കാലികമായി ഡ്രൈവർമാരെ നിയമിച്ചിരുന്നത്. ഡ്രൈവർ തസ്തികകളിലെ നിയമനം പി.എസ്.സി. വഴി നടത്തിയ സാഹചര്യത്തിലാണ് ടി ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡ്രൈവർമാരെ പിരിച്ചുവിടേണ്ടിവന്നത്. ഇനി മറ്റ് ജില്ലകളിലേയ്ക്കും പി.എസ്.സി. ലിസ്റ്റ് വരുന്നതിനനുസരിച്ച് ഡ്രൈവർമാരെ പിരിച്ചുവിടേണ്ടിവരും. എന്നാൽ പിരിച്ചുവിടപ്പെട്ട ഡ്രൈവർമാരെ സംരക്ഷിക്കുന്നതിനായി എന്ത് നടപടി

സ്വീകരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

## (20) മുതലമട പഞ്ചായത്തിൽ ക്യാൻസർ രോഗം

ശ്രീ. വി. ചെന്താമരാക്ഷൻ: നെന്മാറ മണ്ഡലത്തിലെ മുതലമട പഞ്ചായത്തിലെ മാവിൻതോപ്പുകളിൽ എൻഡോസൾഫാൻ ഉപയോഗിക്കുന്നതുമൂലം ക്യാൻസർ രോഗം വർദ്ധിക്കുകയും ജനിതകവൈകല്യമുള്ള കുഞ്ഞുങ്ങൾ ജനിക്കുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നതിനാൽ മന്ത്രിതലത്തിൽ ഒരു യോഗം വിളിച്ചുകൂട്ടി വിദഗ്ദ്ധപഠനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): പാലക്കാട് മുതലമട ഗ്രാമപഞ്ചായത്തിലെ മാവിൻതോപ്പുകളിൽ എൻഡോസൾഫാൻ കീടനാശിനി ഉപയോഗിക്കുന്നതുമൂലം ക്യാൻസർ രോഗം വർദ്ധിക്കുന്നതായോ ജനിതകവൈകല്യമുള്ള കുഞ്ഞുങ്ങൾ ജനിക്കുന്നതായോ ആരോഗ്യവകുപ്പിന്റെ പ്രാഥമിക പരിശോധനയിലും തുടർന്ന് നടത്തിയ മെഡിക്കൽ ക്യാമ്പിലും സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ആരോഗ്യ-പരിസ്ഥിതി-കൃഷി വകുപ്പുകളുടെ സംയുക്ത പഠനത്തിലൂടെ മാത്രമേ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്താൻ കഴിയുകയുള്ളൂ എന്നതിനാൽ ഈ വിഷയം സംബന്ധിച്ചുള്ള വിദഗ്ദ്ധപഠനം നടത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെ ഒരു യോഗം പാലക്കാട് വിളിച്ചുചേർക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

ഹർജികൾ സംബന്ധിച്ച സമിതിയുടെ എട്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**പ്രത്യേക പരാമർശം**

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ഭരണകക്ഷിയിലെ ഒരംഗം, ഒരു മന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിലെ ഉദ്യോഗസ്ഥർ നടത്തിയ അഴിമതി ആരോപണത്തെക്കുറിച്ച് സഭയിൽ നടത്തിയ പരാമർശം സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അഭിപ്രായം വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ശ്രീ. കെ. ബി. ഗണേഷ് കുമാർ ഉന്നയിച്ച കാര്യം ബഹുമാനപ്പെട്ട മന്ത്രി നിഷേധിച്ച സാഹചര്യത്തിൽ ഈ വിഷയത്തെ സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയതിനുശേഷം ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിരുന്ന് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**നിയമനിർമ്മാണകാര്യം**

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ. ബാബു: വിവിധ വകുപ്പുകളെയും സ്ഥാപനങ്ങളെയും ഏജൻസികളെയും ഏകോപിപ്പിച്ച് മാരിടൈം പ്രവർത്തനങ്ങളുടെ നിർവ്വഹണത്തിനും നിയന്ത്രണത്തിനും നടത്തിപ്പിനുമായി ഒരു മാരിടൈം ബോർഡ് രൂപീകരിക്കുകയാണ് ഈ നിയമനിർമ്മാണം വഴി ഉദ്ദേശിക്കുന്നത്. മാരിടൈം ബോർഡിന് സർക്കാർ വകുപ്പുകളേക്കാൾ കൂടുതൽ സാമ്പത്തിക സ്വാതന്ത്ര്യം ഉണ്ടായിരിക്കും. കൂടാതെ കേന്ദ്ര ഫണ്ടുകളും ഗ്രാന്റുകളും യഥാസമയം ലഭ്യമാക്കി തുറമുഖ വികസനം ത്വരിതപ്പെടുത്തുന്നതിനും സഹായിക്കും. തുറമുഖങ്ങളിലെ പ്രവർത്തനങ്ങളും തീരദേശ സുരക്ഷയും ഏകോപിപ്പിച്ച് നടപ്പിലാക്കാനായി ഇന്ത്യൻ നേവി, തീരദേശ സംരക്ഷണ സേന തുടങ്ങിയവയുടെ പ്രാതിനിധ്യം മാരിടൈം

ബോർഡിൽ ഉറപ്പാക്കിയിട്ടുണ്ട്. പ്രാരംഭ നടപടിയെന്ന നിലയിൽ തുറമുഖ വകുപ്പ്, കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ, കേരള സംസ്ഥാന മാരിടൈം സൊസൈറ്റി എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടാണ് മാരിടൈം ബോർഡ് രൂപീകരിക്കുന്നത്. സംസ്ഥാനത്തെ 17 ചെറുകിട തുറമുഖങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള ഭരണ സംവിധാനമാണ് മാരിടൈം ബോർഡ്. ഭരണപരമായ Autonomy-യും സാമ്പത്തിക self sufficiency-യും ഉറപ്പാക്കുന്നതിന് അനുയോജ്യമായ ഒരു ഉന്നതാധികാര ഭരണ സംവിധാനമായിട്ടാണ് മാരിടൈം ബോർഡിന് രൂപം നൽകിയിട്ടുള്ളത്. പൊതു വിപണിയിൽനിന്ന് കടമെടുക്കുവാനും അന്താരാഷ്ട്ര ഏജൻസികളിൽനിന്നും സാങ്കേതിക, സാമ്പത്തിക സഹായം നേടാനുള്ള അധികാരവും ഈ ബോർഡിനുണ്ടാകും. കപ്പലുകൾ അടുക്കുന്നതിനും ചരക്ക് ഇറക്കുന്നതിനുമുള്ള വാർഫ്, പിയർ, ആങ്കറേജ് മുതലായവ നിർണ്ണയിക്കുന്നതിനുള്ള അധികാരം ബോർഡിനുണ്ടാകും. നിലവിൽ തുറമുഖങ്ങളിൽ നൽകിക്കൊണ്ടിരിക്കുന്ന സർവ്വീസുകൾ തുടർന്നും നൽകുന്നതിനുള്ള അധികാരം ബോർഡിനായിരിക്കും. ബോർഡിന് ഒരു ജനറൽ ഫണ്ട് ഉണ്ടായിരിക്കുന്നതാണ്. ചെറുകിട തുറമുഖങ്ങളുടെ വികസനവും പ്രവർത്തനവും സംബന്ധിച്ചും പോർട്ടിന്റെ പ്രവർത്തനത്തിലുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേയ്ക്കുമായി ബോർഡിന് ഉപദേശം നൽകുന്നതിനായി വാണിജ്യ-വ്യാപാര-ഷിപ്പിംഗ് മേഖലയിലെ

പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു പോർട്ട് കൺസൾട്ടേറ്റീവ് കമ്മിറ്റി രൂപീകരിക്കുന്നതിന് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.പോർട്ടിന്റെ ദൈനംദിന പ്രവർത്തനങ്ങളിലുണ്ടാകുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി ഓരോ പോർട്ടിലും തുറമുഖ ഓഫീസർ ചെയർമാനായി ഓരോ പ്രാദേശിക ഉപദേശക സമിതി രൂപീകരിക്കുന്നതിന് ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് അധികാരം നൽകുന്നു. ഈ ബിൽ നിയമമാക്കുന്നതിന് എല്ലാ ബഹുമാന്യ അംഗങ്ങളുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

(വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾ സംസാരിച്ചില്ല.)

<u>ശ്രീ. ബെന്നി ബെഹനാൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഫിഷറീസ്, ഇൻലാന്റ് വാട്ടർ, ഹാർബർ എഞ്ചിനീയറിംഗ്, ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ് - ഇതെല്ലാംകൂടി ഉൾപ്പെടുത്തി ഈ ബിൽ വിപുലപ്പെടുത്തേണ്ടതായിട്ടുണ്ട്.

<u>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2014-ലെ കേരള മാരിടൈം ബോർഡ് ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പോർട്ടുകളുടെ വികസനത്തിനുള്ള ഫണ്ട് രൂപീകരിക്കുന്ന കാര്യത്തിൽ വ്യക്തതയുണ്ടാകണം.

യാത്രാക്കപ്പലുകളെ ചരക്കുകപ്പലുകളുടെ കൂടെ തുറമുഖത്ത് അടുപ്പിക്കുന്നതിനുള്ള പ്രൊവിഷൻകൂടിയുണ്ടാകണം.

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

**************